"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-മാവേലിക്കര നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. പാത്തുമ്മക്കുഞ്ഞ് കെ യ്ക്ക് പ്രത്യേക അവശതാ അവധി -അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.436/2026/LSGD തീയതി,തിരുവനന്തപുരം, 20-02-2026

---

പരാമർശം:-

1. ശ്രീമതി. പാത്തുമ്മക്കുഞ്ഞ് സമർപ്പിച്ച 25/07/2025 തീയതിയിലെ ലീവ് അപേക്ഷ.
2. മാവേലിക്കര നഗരസഭ സെക്രട്ടറിയുടെ 25/07/2025 തീയതിയിലെ G4-1916474/25 സാക്ഷ്യപത്രം.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 16/02/2026 തീയതിയിലെ LSGD/PD/1477/2026-DEF4 നമ്പർ കത്ത്.

**ഉത്തരവ്**

മാവേലിക്കര നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. പാത്തുമ്മക്കുഞ്ഞ് കെ 22/07/2024 ന് ജോലിക്ക് പോകുന്ന വഴിക്ക് സ്കൂട്ടർ മറിഞ്ഞ് അപകടം സംഭവിച്ചതിനെ തുടർന്ന് ഡോക്ടറുടെ നിർദ്ദേശപ്രകാരം 22/07/2024 മുതൽ 23/08/2024 വരെ അവധിയിൽ പ്രവേശിച്ചിരുന്നു എന്നും ടി കാലയളവിൽ ടിയാൾക്ക് പ്രത്യേക അവശതാവധി അനുവദിക്കുന്നതിന് സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള ലീവ് അപേക്ഷയും ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചത് എന്നത് സംബന്ധിച്ച് മേലധികാരിയുടെ സാക്ഷ്യപത്രവും അനുബന്ധ രേഖകളും സഹിതം പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തു സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ വെളിച്ചത്തിൽ , മാവേലിക്കര നഗരസഭയിൽ സാനിട്ടേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. പാത്തുമ്മക്കുഞ്ഞ് കെ യ്ക്ക് കെ.എസ്.ആർ ഭാഗം | ചട്ടം 98 പ്രകാരം 22/07/2024 മുതൽ 23/08/2024 വരെ പ്രത്യേക അവശത അവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപൂരം
സെക്രട്ടറി, മാവേലിക്കര നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി. പാത്തുമ്മക്കുഞ്ഞ് കെ, സാനിട്ടേഷൻ വർക്കർ, മാവേലിക്കര നഗരസഭ (പ്രിൻസിപ്പൽ

ഡയറക്ടർ മുഖേന)

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി )

കരുതൽ ഫയൽ/ഓഫീസിൽ കോപ്പി(LSGD-EU3/42/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 21-02-2026 11:37:01

സെക്ഷൻ ഓഫീസർ